# പതിനഞ്ചാം കേരള നിയമസഭ
## ആറാം സമ്മേളനം

2022 ആഗസ്റ്റ് 24, ബുധൻ

## കാര്യവിവരപ്പട്ടിക

**1.** **ചോദ്യങ്ങൾ** :

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2.** **ശ്രദ്ധ ക്ഷണിക്കൽ** :

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്തുന്ന കേന്ദ്രസർക്കാർ നയങ്ങൾ തിരുത്തുന്നതിന് സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. എസ്. സുപാൽ തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അൻവർ സാദത്ത് പൊതുവിദ്യാഭ്യാസ – തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3.** **റിപ്പോർട്ടുകളുടെ സമർപ്പണം** :

(1) പൊതുമരാമത്ത് – വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രിയും അഞ്ചാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. പി. എ. മുഹമ്മദ് റിയാസ് 2022–ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) വൈദ്യുതി വകുപ്പുമന്ത്രിയും ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി 2022–ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(3) സഹകരണ – രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രിയും പതിനൊന്നാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. വി. എൻ. വാസവൻ 2022–ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(4) മുഖ്യമന്ത്രിയും പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. പിണറായി വിജയൻ താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്:

(i) 2022–ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ.

(ii) 2022–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ.

**4.** **<u>നിയമനിർമ്മാണകാര്യം</u>** :

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും :

(i) 2022–ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2022–ലെ കേരള വ്യവസായ ഏകജാലക ക്ലീയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(iii) 2022–ലെ കേരള പബ്ലിക് എന്റർപ്രൈസസ്സ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(iv) 2022–ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(v) 2022–ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(2) 2022–ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എ. എം. ബഷീർ,
തിരുവനന്തപുരം, സെക്രട്ടറി.
2022 ആഗസ്റ്റ് 23.

# FIFTEENTH KERALA LEGISLATIVE ASSEMBLY
## Sixth Session

*Wednesday, August 24, 2022*

## LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. P. S. Supal to call the attention of the Minister for Local Self Governments, Rural Development and Excise to exert pressure to revise the policies of the Central Government that weaken the Mahatma Gandhi National Rural Employment Guarantee Scheme.

(2) Shri. Anwar Sadath to call the attention of the Minister for General Education and Labour to the necessity to take steps for timely revision of the amount given to mid-day meal at schools.

**III. Presentation of Reports:**

(1) Shri. P. A. Mohamed Riyas, Minister for Public Works, Tourism and Youth Affairs and Chairman, Subject Committee V to present the Report of the Subject Committee on the Kerala Maritime Board (Amendment) Bill, 2022.

(2) Shri. K. Krishnankutty, Minister for Electricity and Chairman, Subject Committee VII to present the Report of the Subject Committee on the Kerala Jewellery Workers' Welfare Fund (Amendment) Bill, 2022.

(3) Shri. V. N. Vasavan, Minister for Co-operation, Registration and Culture and Chairman, Subject Committee XI to present the Report of the Subject Committee on the Kerala Co-operative Societies (Second Amendment) Bill, 2022.

(4) Shri. Pinarayi Vijayan, Chief Minister and Chairman, Subject Committee XIV to present the Reports of the Subject Committee on the following Bills:

- (i) The Kerala Lok Ayukta (Amendment) Bill, 2022.
- (ii) The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Second Amendment Bill, 2022.

**IV. <u>Legislative Business</u>:**

(1) Introduction and Motion for reference to Subject Committee of the following Bills:

- (i) The Kerala Local Self Government Common Service Bill, 2022.
  (Discussion to be concluded)
- (ii) The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2022.
  (Discussion to be concluded)
- (iii) The Kerala Public Enterprises (Selection and Recruitment) Board Bill, 2022.
  (Discussion to be concluded)
- (iv) The University Laws (Amendment) Bill, 2022.
  (Discussion to be concluded)
- (v) The Kerala Fiscal Responsibility (Amendment) Bill, 2022.
  (Discussion to be concluded)

(2) Introduction and Motion for reference to Select Committee of the Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale) Bill, 2022.
(Discussion to be concluded)

Secretariat of the Kerala Legislature,
Thiruvananthapuram,
August 23, 2022.

A. M. Basheer,
Secretary.